## പ്ലാച്ചിമട സമരം : വിഭവം, അധികാരം, തെരഞ്ഞെടുപ്പ്

# മൂലധനശക്തികൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടണം

സി. കെ. രഘുനാഥ്

### പ്ലാച്ചിമട ചോദ്യാവലി – 2006

**വികസന ചർച്ചയിലെ സജീവ വിഷയമായ പാലക്കാട് ജില്ലയിലെ കൊക്കക്കോള, പെപ്സി കോള കമ്പനികളുടെ പ്രവർത്തനങ്ങൾ, അവയ്ക്കെതിരായ സമരങ്ങൾ, ഇവയുടെ പശ്ചാത്തലത്തിൽ വ്യാവസായിക ആവശ്യത്തിനുള്ള പ്രകൃതി വിഭവങ്ങളോടുള്ള സമീപനം തുടങ്ങിയവയെപ്പറ്റി അഭിപ്രായങ്ങൾ കഴിഞ്ഞ ഏപ്രിൽ ലക്കം മുതൽ കേരളീയത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. താങ്കളുടെ പ്രതികരണം/മറുപടി എത്രയും വേഗം എത്തിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.**

1. ഭരണ–പ്രതിപക്ഷ കക്ഷികൾക്ക് വസ്തുനിഷ്ഠമായ ഒരു രാഷ്ട്രീയ വീക്ഷണം ഇല്ലായിരുന്നു. ആ പ്രശ്നത്തെ മറ്റേതൊരു പ്രശ്നവും പോലെ ഇടുങ്ങിയ വീക്ഷണത്തിലാണ് അവർ സമീപിച്ചത് – അത് അവരുടെ രാഷ്ട്രീയമാണ്.

2. മൂലധനശക്തികൾക്കെതിരെയുള്ള പോരാട്ടം രാഷ്ട്രീയതന്ത്രമായി സ്വീകരിച്ച ഒരു രാഷ്ട്രീയ നേതൃത്വത്തിന് മാത്രമെ ജനകീയ സമരത്തിലൂടെ പ്ലാച്ചിമടകൾ ആവർത്തിക്കുന്നത് തടയാനാവൂ. മൂലധനശക്തികൾക്ക് ഇടംനൽകുന്ന ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളാണ് പ്ലാച്ചിമടകൾ സൃഷ്ടിക്കുന്നത്. അവർക്ക് അവയുടെ സംഹാരകരാവാൻ കഴിയുകയില്ല. മേൽപ്പറഞ്ഞ തന്ത്രത്തിനനുസരിച്ച് കാലോചിതമായ പോരാട്ടം നടത്തുകയല്ലാതെ, ഭരണപരമോ, ഔദ്യോഗികമായോ ആയ നടപടികൾകൊണ്ട് ഒരു പ്രയോജനവും ഉണ്ടാവില്ല.

3. കൊക്കക്കോളയോടുള്ള (അത്തരം എല്ലാ പാനീയങ്ങളോടും) സർക്കാർ സമീപനം തന്നെയാണ് പ്രശ്നം. കോളകൾക്കനുകൂലമായ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥവൃന്ദവും നിയമകോടതിയിലെ പഴുതുകളും ഒക്കെ കാരണങ്ങളാണ്.

4. കമ്പനിയുടെ സ്ഥലംമാറ്റം, അർബുദം മറ്റൊരു അവയവത്തിലേക്ക് മാറ്റുന്നതുപോലെയാണ്. കുറ്റം ചെയ്തവരെ സ്ഥലം മാറ്റുന്നതുപോലെയാണ്. കുറ്റം ചെയ്തവരെ സ്ഥലം മാറ്റുന്നതുപോലുള്ള താൽക്കാലികമായ ഔദ്യോഗിക നടപടി മാത്രം. ആ നടപടി സൂചിപ്പിക്കുന്നത് ഭരണവർഗ്ഗത്തിന്റെ കാപട്യമാണ്. അല്ലെങ്കിൽ മുമ്പ് സൂചിപ്പിച്ചതുപോലുള്ള അവരുടെ ഇടുങ്ങിയ രാഷ്ട്രീയ വീക്ഷണമാണ്.

5. പ്രാദേശിക വിഭവങ്ങൾക്കുമേൽ തദ്ദേശീയർക്കുള്ള അധികാരങ്ങൾ, സർക്കാർ ഔദാര്യത്തിലൂടെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന മൗഢ്യമാണ്. അവ നേടിയെടുക്കേണ്ടതാണ്. നിയമകോടതിയിലൂടെയും, അല്ലാത്തപക്ഷം ജനകീയ സമ്മർദ്ദങ്ങളിലൂടെയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കടലാസിലാണ്. അത് ജനങ്ങളുടെ അധികാരമാണ്. ജനകീയാധികാരത്തിന്റെ പ്രശ്നങ്ങൾ തിരഞ്ഞെടുപ്പുകളിൽ മാത്രമല്ല, എല്ലാ പൊതുവേദികളിലും ഉന്നയിക്കപ്പെടണം. 'ജനകീയാസൂത്രണ'ത്തിൽത്തന്നെ ജനങ്ങളുടെ അധികാരം നാമമാത്രമാണെന്ന് നാം മനസ്സിലാക്കിക്കഴിഞ്ഞു. അവിടേയും സ്ഥാപനവൽക്കരണവും ഉദ്യോഗസ്ഥവൽക്കരണവും തുടരുന്നു.

6. കോള നിരോധനത്തിലൂടെ ഭാഗികമായ ഒരു പരിഹാര നടപടി ഇടതുപക്ഷ സർക്കാർ കൈക്കൊണ്ടിരിക്കുന്നുവെന്നത് ആശാവഹമാണ്. പക്ഷെ, ഇടതുപക്ഷത്തിന്റെ ഇടതുപക്ഷ വീക്ഷണം കപടമാണെന്നാണ് എന്റെ ധാരണ. മറ്റ് പ്രശ്നങ്ങളോടുള്ള അവരുടെ സമീപനം നാം വിലയിരുത്തണം, പ്രത്യേകിച്ച് മൂലധനശക്തികളോടുള്ള പ്ലാച്ചിമട സമരത്തെ അതിന്റെ അന്തിമ ലക്ഷ്യത്തിൽനിന്ന് വ്യതിചലിപ്പിക്കുകയായിരിക്കും ഇടതുപക്ഷ ഗവൺമെന്റ് ചെയ്യുക. അങ്ങനെ ജനകീയ സമരങ്ങളുടെ വീര്യത്തെ ഔദ്യോഗിക പരിഷ്കരണവാദപരമായ നടപടികളിലൂടെ ദുർബലപ്പെടുത്തുകയായിരിക്കും അവർ ചെയ്യുക.

മൂലധനശക്തികൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടുന്നവരുടെ ഐക്യനിര പടുത്തുയർത്താൻ ശ്രമിക്കുകയാണ് മാർഗ്ഗം. പ്ലാച്ചിമടപോലെയുള്ള എല്ലാ പ്രശ്നങ്ങളേയും ഒരേ രീതിയിൽകണ്ട്, അതിനനുസരിച്ചുള്ള സമരപരിപാടികൾ പ്രാദേശിക അടിസ്ഥാനത്തിൽ തന്നെ ആവിഷ്കരിക്കണം. അവിടങ്ങളിലെ ദുരിതം അനുഭവിക്കുന്നവരാണ് അതിന് നേതൃത്വം കൊടുക്കേണ്ടത്; സമരരീതി തീരുമാനിക്കേണ്ടത് അവരാണ്. കാരണം അവർക്ക് നിശ്ചിതമായ ലക്ഷ്യമുണ്ട്.

ഫീനിക്സ് കോളേജ്, മുന്നുമുറി, മറ്റത്തൂർ പി.ഒ. – 680 684

*With best compliments from*

CENTRE FOR
POST GRADUATE STUDIES

P.G.Centre

North Bus Stand, Thrissur-20.
Ph : 0487 2338983, 6950675
e-mail : trc_postgrad@sancharnet.in.